(ഇ) ഉണ്ട്.
(എഫ്) വിവരം ശേഖരിച്ചുവരുന്നു.

ദേവാലയ മോഷണങ്ങൾ

15. [25] ശ്രീ. ടി. കെ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :
(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ദേവാലയ മോഷണങ്ങൾ നടന്നിട്ടുണ്ട് ;
(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;
(സി) എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട് ;
(ഡി) ഏതെല്ലാം ദേവാലയങ്ങളിൽ മോഷണം നടത്തിയവരെ ഇനിയും പിടികിട്ടാനുണ്ട് ?

ഉത്തരം

(എ) 1348.
(ബി) 1348.
(സി) 86 കേസുകളിൽ.
(ഡി) വിവരം ശേഖരിച്ചുവരുന്നു.

ദേവാലയങ്ങളിലെ കവർച്ച

16. [26] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ.പി. പ്രഭാകരൻ :
,, പി. കുമാരൻ :
,, വി.കെ. രാജൻ :
,, കെ.ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :
(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്തൊട്ടാകെ നടന്നിട്ടുള്ള ക്ഷേത്രക്കവർച്ചകൾ എത്ര ;
(ബി) മുസ്ലീംപള്ളികളിലും ക്രിസ്തീയ ദേവാലയങ്ങളിലും നടന്നിട്ടുള്ള കവർച്ചകൾ എത്ര വീതം ;
(സി) മോഷണക്കേസുകൾ എത്ര ?

ഉത്തരം

(എ) 819.
(ബി) മുസ്ലീം പള്ളി—171 ക്രിസ്തീയ ദേവാലയങ്ങൾ—358.
(സി) 1348.

ദേവാലയാക്രമണങ്ങളും മോഷണങ്ങളും

17. [27] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :
(എ) ഈ ഗവൺമെൻറധികാരത്തിൽ വന്നതിനുശേഷം 30-9-1986 വരെ എത്ര ദേവാലയാക്രമണങ്ങളും മോഷണങ്ങളും നടന്നിട്ടുണ്ട് ;
(ബി) ഇതിൽ എത്ര മോഷണക്കേസുകൾ തെളിഞ്ഞു ;
(സി) എത്രയെണ്ണം തെളിയാനുണ്ട് ;
(ഡി) തൃശ്ശൂർ ബിഷപ്പിന്റെ സ്വകാര്യമുറിയിൽ നിന്ന് എന്തെങ്കിലും സാധനങ്ങൾ മോഷ്ടിക്കപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly